
സ്വകാര്യ പ്രചരണത്തിനു മാത്രം

വാല്യം 4 ലക്കം 1 ജനുവരി 2011

ശ്രീ രാം ചന്ദ്ര മിഷൻ®

India ECHOES ONE WORLD ONE HUMANITY 2011

## നവവത്സരാശംസകൾ



2010-ൻെറ അവസാനത്തോടെ മാസ്റ്ററോടൊപ്പം സമയം ചെലവഴിക്കുവാനായി മണപ്പാക്കത്തിലേക്ക് അഭ്യാസികളുടെ പ്രവാഹം ആരംഭിച്ചു. സ്വയം നിരീക്ഷിച്ച് പുതു വർഷത്തെ നേരിടാനുള്ള തയ്യാറെടുപ്പിനുള്ള സമയവും, അനന്തമായ അവസരങ്ങൾ നൽകുന്ന ദിനങ്ങളും, അദ്ദേഹം ആഗ്രഹിക്കുന്ന രീതിയിലായിത്തീരുവാനുള്ള ഒരവസരവും കൂടിയാണിത്. വിളക്കുകളാൽ അലങ്കൃതമായിരുന്ന ആശ്രമം അഭ്യാസികൾക്ക് അന്യോന്യം കണ്ടുമുട്ടുവാനും ആശംസകൾ നേരുവാനും വഴിയൊരുക്കി.

തന്നെ കാണുവാനും ആശംസകൾ അറിയിക്കുവാനുമായി വന്ന അഭ്യാസികളെവരവേൽക്കാൻ മാസ്റ്റർ വളരെ നേരത്തെതന്നെ എഴുന്നേറ്റ് തയ്യാറായിരുന്നു. 7000-ത്തിലധികം അഭ്യാസികൾ 2011 ജനുവരി 1-ാം തീയതിയത്തെ രാവിലത്തെ സത്സംഗത്തിൽ പങ്കെടുത്തു. സഹോ. പി.ആർ.കൃഷ്ണ ഒരു ലഘു പ്രഭാഷണം നടത്തുകയും തുടർന്ന് സംഗീതജ്ഞരായ സഹോ. കുമരേഷിനെയും സഹോദരി ജയന്തിയെയും മാസ്റ്റർ അനുമോദിക്കുകയും ചെയ്തു.

## ദീപാവലി ആഘോഷം

ദീപാവലി ആഘോഷവേളയിൽ മാസ്റ്റർ മണപ്പാക്കം ആശ്രമത്തിലുണ്ടായിരുന്നു. മാസ്റ്ററുടെ കൂടെ കഴിയുവാനായി മണപ്പാക്കം ആശ്രമത്തിലേക്ക് ആയിരത്തോളം വരുന്ന അഭ്യാസികളുടെ പ്രവാഹം തന്നെയുണ്ടായിരുന്നു. നവംബർ 5-ാം തിയ്യതി ആയിരുന്നു ദീപാവലി. വളരെ സന്തോഷപൂർവ്വം ദീപാവലി ആഘോഷിക്കപ്പെട്ടു. രാവിലെ മാസ്റ്റർ സത്സംഗം നടത്തുകയും എല്ലാവരുടെയും ഹൃദയത്തിൽ സ്നേഹദീപം കൊളുത്തുകയും ചെയ്തു.

മാസ്റ്ററുടെ ഓഫീസ് രംഗോലിയാലും നിറദീപങ്ങളാലും ഭംഗിയായി അലങ്കരിച്ചിരുന്നു.

നവംബർ 10-ന് മണപ്പാക്കം ആശ്രമത്തിൽ വെച്ച് മാസ്റ്റർ പതിനഞ്ചോളം വിവാഹങ്ങൾ നടത്തി. വളരെയധികം ഉത്സാഹത്തോടും ആനന്ദത്തോടും കൂടി കാണപ്പെട്ട മാസ്റ്റർ ചില ദമ്പതിമാരോട്, അദ്ദേഹം ആത്മീയതയിൽ ചേർത്തുവെച്ച കൈകൾ ഒരിക്കലും പിരിയാൻ ഇടവരരുതെന്ന് ഉപദേശിച്ചു.



## ഹൈദരാബാദ് – നവംബർ 11 മുതൽ 18 വരെ

11-ാം തിയ്യതി രാവിലെ ഹൈദരാബാദ് അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തിയ മാസ്റ്റർ, 20 കി.മി അകലെയുള്ള കൻഹ ശാന്തിവനം പദ്ധതി പ്രദേശത്തേക്ക് പോയി. ഒരു മരത്തിൻെറ ചുറ്റുമായി നിർമ്മിച്ച, ചെറുതെങ്കിലും മനോഹരമായ കോട്ടേജിലേക്ക് പ്രവേശിക്കുമ്പോൾ, ക്ഷീണിതനായി കാണപ്പെട്ടുവെങ്കിലും മാസ്റ്റർ ഉല്ലാസവാനായിരുന്നു. ഒരഭ്യാസി ആ സ്ഥലത്തെ പ്രശംസിച്ചപ്പോൾ മാസ്റ്റർ പ്രതികരിച്ചത്, നമ്മൾ ഇപ്പോൾ കാണുന്നത് 'തൊട്ടിലിൽ കിടക്കുന്ന രാമനെ' മാത്രമാണ് എന്നായിരുന്നു. ഭാവിയിൽ ചെയ്യേണ്ടിയിരിക്കുന്ന ബൃഹത്തായ ജോലിയെ ദ്യോതിപ്പിക്കുന്നതായിരുന്നു ആ വാക്കുകൾ. ദീർഘകാല സുഹൃത്തും സഹപാഠിയുമായ ഡി.എസ്.റാവുവിൻെറ കൂടെ മാസ്റ്റർ ഉച്ചഭക്ഷണം കഴിച്ചു. ബനാറസ് ഹിന്ദു സർവ്വകലാശാലയിൽ ചിലവഴിച്ച നാളുകളെക്കുറിച്ച് മാസ്റ്ററും ശ്രീ.റാവുവും സംസാരിച്ചു കൊണ്ടിരുന്നത് ആനന്ദകരമായ ഒരു കാഴ്ച്ചയായിരുന്നു. വൈകുന്നേരം മാസ്റ്റർ ഒരഭ്യാസിയുടെ വീട്ടിലേക്ക് പോയി.

പിറ്റേന്ന് മാസ്റ്റർ തുംകുണ്ട ആശ്രമത്തിൽ എത്തിച്ചേർന്നു. അഭ്യാസികളും കുട്ടികളും അച്ചടക്കത്തോടെ അദ്ദേഹത്തെ വരവേറ്റു. വൈകുന്നേരം 5 മണിക്ക് അയ്യായിരത്തോളം അഭ്യാസികൾക്കായി മാസ്റ്റർ സത്സംഗം നടത്തി.

ശനിയാഴ്ച്ച പതിവിലും നേരത്തെ ഉണർന്നെഴുന്നേറ്റ മാസ്റ്റർ പുറത്തെ ഊഞ്ഞാലിൽ വന്നിരുന്നു. നേരത്തെ തന്നെ അവിടെ സന്നിഹിതരായിരുന്ന അഭ്യാസികൾക്ക് ഇത് ആനന്ദമേകി. പിന്നീട് ധ്യാനമന്ദിരത്തിലേക്ക് പ്രവേശിക്കാനൊരുങ്ങവെ ഒരു പെൺകുട്ടി മാസ്റ്റർക്ക് ശുഭദിനം ആശംസിച്ചപ്പോൾ മാസ്റ്റർ ആ കുട്ടിയോട് ഇങ്ങനെ പ്രതികരിച്ചു, "നിങ്ങൾക്കൊരു ശുഭദിനം നൽകുവാനാണ് ഞാൻ വന്നിരിക്കുന്നത്". 9 മണിയുടെ സത്സംഗത്തിന് ശേഷം തന്നെ ആശംസിച്ച അഭ്യാസികളോട് മാസ്റ്റർ പറഞ്ഞത് അവരുടെ ആത്മീയാരോഗ്യത്തെക്കുറിച്ചാണ് താൻ അന്വേഷിക്കുന്നത് എന്നാണ് പ്രതികരിച്ചത്. എല്ലാവരും തന്നെ ആത്മീയമായി നല്ല ആരോഗ്യത്തോടെയുള്ളവരും അതിനെ നന്നായി പരിപാലിക്കുന്നവരും ആയിരിക്കണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

എകദേശം അയ്യായിരത്തി അഞ്ഞൂറോളം വരുന്ന അഭ്യാസികൾക്കായി മാസ്റ്റർ ഞായറാഴ്ച സത്സംഗം നടത്തി. ധ്യാനമന്ദിരത്തിൽ നിന്നും പുറത്തേക്ക് പോകുന്നതിനിടെ അടുത്തകാലത്തായി അസുഖബാധിതനായിരുന്ന പ്രായം ചെന്ന ഒരഭ്യാസിയോട് മാസ്റ്റർ സംസാരിച്ചു. അദ്ദേഹത്തിൽ നിന്നും പ്രവഹിച്ചിരുന്ന സ്നേഹവും കരുണയും ഹൃദയസ്പർശിയായിരുന്നു. പ്രായം ചെല്ലുംതോറും വ്യക്തിഗത





വാല്യം 4 ലക്കം 1 ജനുവരി 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക





അച്ചടക്കത്തിന്റെ ആവശ്യകത കൂടിവരുമെന്ന് മാസ്റ്റർ അദ്ദേഹത്തോട് പറഞ്ഞു.

നിരവധി അമ്മമാരും അമ്മമാരാകുവാൻ പോകുന്നവരും മാസ്റ്ററുടെ അനുഗ്രഹത്തിനായി വരിവരിയായി നിന്നിരുന്നു. അവരിലൊരാളോടായി മാസ്റ്റർ പറഞ്ഞു, "ഈ ലോകത്തിലേക്കൊരു സഹജമാർഗ്ഗ ശിശുവിനെ കൊണ്ടുവരു. അതിനു ശേഷം അത് നിങ്ങളുടേതാണെന്ന് അവകാശപ്പെടരുത്. അത് സഹജമാർഗ്ഗത്തിന്റേതാണെന്ന് ഓർക്കുക.

ശിശുദിനത്തിന്റേയന്ന് തന്നെ കാണുവാനായി രാവിലെ മുതൽക്കുതന്നെ അച്ചടക്കത്തോടെ കാത്തുനിന്ന കുട്ടികളുമൊത്ത് മാസ്റ്റർ അൽപ്പസമയം ചിലവഴിച്ചു. അവരോടായി മാസ്റ്റർ പറഞ്ഞു, "എപ്പോഴും ഓർമ്മിക്കുക, നിങ്ങൾ സഹജമാർഗ്ഗത്തിന്റെ കുട്ടികളാണ്. ഏവരേയും സ്നേഹിക്കുക. സ്നേഹത്തോടെ വളരുക, നിങ്ങളുടെ മാതാപിതാക്കളെയും മുതിർന്നവരേയും അനുസരിക്കുക. നിങ്ങൾക്കേവർക്കും ബാബുജി മഹരാജിന്റെ അനുഗ്രഹാശിസ്സുകൾ.

നവംബർ 15, തിങ്കളാഴ്ച്ച മാസ്റ്റർ ഒരഭ്യാസിയുടെ പുതിയതായി പണികഴിപ്പിച്ച സ്ഥാപനത്തിൽ സത്സംഗം നടത്തി. പിന്നീട് അദ്ദേഹം ദൊമൽഗുഡ ആശ്രമത്തിലേക്ക് യാത്രതിരിച്ചു. 1967 മെയ് മാസത്തിൽ ബാബുജി മഹരാജ് ഈ ആശ്രമം ഉദ്ഘാടനം ചെയ്തവേളയിൽ എടുക്കപ്പെട്ട ഫോട്ടോയ്ക്ക് മുൻപിൽ, മാസ്റ്റർ ആശ്രമത്തിലേക്ക് പ്രവേശിക്കുന്നതിനിടയിൽ ഒരു നിമിഷം നിന്നു. പിന്നീടദ്ദേഹം 500-ലധികം വരുന്ന അഭ്യാസികൾക്കായി സത്സംഗം നടത്തി. വടക്ക് ഭാഗത്ത് സോണൽ ആശ്രമവും തെക്ക് ഭാഗത്ത് കൻഹ പദ്ധതി പ്രദേശത്തോടും കൂടിയ ദൊമൽഗുഡ ആശ്രമത്തെ മാസ്റ്ററുടെ ഭാവി സന്ദർശനങ്ങളിലെ വിശ്രമ കേന്ദ്രമായി പ്രയോജനപ്പെടുത്താവുന്നതാണ്.

അദ്ദേഹം കൻഹ പദ്ധതി പ്രദേശത്ത് ജോലി ചെയ്യുന്നവരെ കാണുകയും പദ്ധതിയുടെ പ്ലാൻ പുന:പരിശോധിക്കുകയും ചെയ്തു. ആദ്യ പ്ലാൻ തന്നെ തന്റെ ചിന്താഗതിക്കനുസൃതമായതിനാൽ മാസ്റ്റർ സന്തോഷവാനായി കാണപ്പെട്ടു. അദ്ദേഹം ഇങ്ങനെ പറഞ്ഞു, "ഉന്നതമായ കാരണങ്ങൾക്കായി പ്രകൃതിയെങ്ങിനെ സ്വയം രൂപപ്പെടുന്നു എന്ന് നോക്കൂ". പിന്നീടദ്ദേഹം തുംകുൺടയിലേക്ക് യാത്ര തിരിക്കുകയും 4 മണിയോടെ അവിടെ എത്തിച്ചേരുകയും ചെയ്തു.

16-ാം തിയ്യതി ഉച്ചക്ക് ശേഷം ആകാശം മേഘാവൃതമാവുകയും ചെറുതായി മഴ പെയ്യുകയും ചെയ്തു. ഊഞ്ഞാലിൽ ഇരുന്ന് കൊണ്ട് മാസ്റ്റർ കാന്റീനിൽ എന്തു ഭക്ഷണമാണ് തയ്യാറക്കുന്നതെന്നാരാഞ്ഞു. ചൂടുള്ള പലഹാരം ഭക്ഷിച്ച മാസ്റ്റർ ഗേറ്റിന് പുറത്ത് മഴയത്ത് നിൽക്കുന്ന അഭ്യാസികൾക്കായി അവ വിതരണം ചെയ്യുവാൻ ആവശ്യപ്പെട്ടു.

വ്യോമസേനയിലെ കുറച്ച് അഭ്യാസികൾ വൈകുന്നേരം മാസ്റ്ററെ കാണുവാനായി എത്തി. അവരെ കണ്ടതിൽ മാസ്റ്റർ സന്തുഷ്ടി പ്രകടിപ്പിച്ചു. പുഞ്ചിരിച്ച് കൊണ്ട് അദ്ദേഹം ഇങ്ങനെ ചോദിച്ചു, "ആകാശ സഞ്ചാരം ശീലമാക്കിയ എല്ലാവരും ഒന്ന് നിലത്തിരിക്കാമോ?". എന്നിട്ടദ്ദേഹം കോട്ടേജിനകത്ത് അവർക്കൊരു സിറ്റിംഗ് നൽകി.

17-ന് ബക്രീദ് പ്രമാണിച്ച് അവധിയായതിനാൽ നിരവധി അഭ്യാസികൾ എത്തിച്ചേർന്നു. 9 മണിക്ക് മാസ്റ്റർ സത്സംഗം നടത്തി. പിന്നീടദ്ദേഹം ഹൈദരാബാദിൽ നിന്നുള്ള അഭ്യാസികളുടെ വിവാഹനിശ്ചയം നിർവഹിച്ചു. സഹോ.ചക്രപാണി നടത്തിയ മനോഹരമായ പ്രസംഗത്തിൽ നമ്മുടെ സാധനയിൽ ഒഴുക്കൻ മനോഭാവം കടന്നു വരുന്നതിനെക്കുറിച്ച് എടുത്ത് പറഞ്ഞു. അദ്ദേഹം നമ്മളിൽ നിക്ഷിപ്തമാവേണ്ട അർപ്പണബോധത്തെക്കുറിച്ച് വിശദീകരിച്ചു.

വൈകുന്നേരത്തെ സത്സംഗത്തിന് ശേഷം സഹോ.സൗമ്യയും അഞ്ച് കുട്ടികളും ചേർന്ന് അവതരിപ്പിച്ച നൃത്തപരിപാടി തന്റെ കോട്ടേജിലിരുന്ന് കൊണ്ട് മാസ്റ്റർ വീക്ഷിച്ചു.

18-ന് അഭ്യാസികളെ കാണുന്നതിലും അവർക്ക് സിറ്റിംഗ് നൽകുന്നതിലും പിന്നീട് തന്റെ കമ്പ്യൂട്ടറിൽ ജോലി ചെയ്യുന്നതിലും വ്യാപൃതനായി മാസ്റ്റർ വളരെ തിരക്കിലായിരുന്നു. കഠിനമായ തലവേദനയുണ്ടായിട്ടു കൂടി തന്റെ ജോലികൾ അദ്ദേഹം നിർവഹിച്ചത് തന്റെ ഇച്ഛാശക്തി ഒന്നുകൊണ്ട് മാത്രമായിരുന്നു. ഉച്ചക്ക് 2:30-ന് അദ്ദേഹം ചെന്നൈയിലേക്ക് തിരിച്ചു.

## ഏഷ്യ സെമിനാർ

നവംബർ 29 മുതൽ ഡിസംബർ 3 വരെ ഏഷ്യ സെമിനാർ സംഘടിപ്പിക്കപ്പെട്ടു. ചൈന, ഹോങ്കോങ്ങ്, ഇന്തോനീഷ്യ, ജപ്പാൻ, കൊറിയ, മെക്കാവോ, നേപ്പാൾ, ഫിലിപ്പീൻസ്, ശ്രീലങ്ക, തായ്‌വാൻ, തായ്‌ലൻറ്, വിയറ്റ്നാം എന്നിവിടങ്ങളിൽ നിന്നുള്ള 250-ഓളം അഭ്യാസികൾ ഇതിൽ പങ്കെടുത്തു. സഹോ. പി.അർ.കൃഷ്ണ, ചക്രപാണി, എൻ.പ്രകാശ്, സഹോദരി സ്മൃതി റാത്തോഡ് എന്നിവർ പ്രസംഗിച്ചു. നവംബർ 28-ാം തിയ്യതി സത്സംഗത്തിന് ശേഷം ഇന്ത്യക്ക് പുറത്ത് ഏഷ്യയിലെ ആദ്യത്തെ ആശ്രമം മലേഷ്യയിലായിരിക്കുമെന്ന് മാസ്റ്റർ പ്രഖ്യാപിച്ചു.

തന്റെ ഉദ്ഘാടന പ്രസംഗത്തിൽ മാസ്റ്റർ സ്വഭാവ രൂപികരണത്തെക്കുറിച്ച് ഇങ്ങനെ പറഞ്ഞു, "ബാബുജി പറയാറുണ്ട്, നിങ്ങൾക്കകത്തുള്ള എന്തിനേയും എനിക്ക് മാറ്റുവാൻ സാധിക്കും; നിങ്ങളെ ഔന്നത്യത്തിലേക്കും ശ്രേഷ്ടതയിലേക്കും സന്തുലിതാവസ്ഥയിലേക്കും സ്നേഹസമ്പന്നതയിലേക്കും നയിക്കുവാനും സാധിക്കും. ബാഹ്യലോകത്തെ നേരിടുക എന്നത് നിങ്ങളുടെ പ്രശ്നമാണ്. നിങ്ങൾക്ക് ഇച്ഛാശക്തിയും മനുഷ്യന് മാത്രം സ്വന്തമായുള്ള ബുദ്ധിശക്തിയും ലഭിച്ചിട്ടുണ്ട്. ...അദ്ദേഹം പറയുന്നത് മാത്രം കേൾക്കുക, എന്ത് കാണുന്നതിലും അദ്ദേഹത്തെ മാത്രം കാണുക, അദ്ദേഹം പറയുന്നത് മാത്രം ചെയ്യുക; ഒരിക്കലും അദ്ദേഹത്തെ നമ്മുടെ







വാല്യം 4 ലക്കം 1 ജനുവരി 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

കാഴ്ചയിൽ നിന്നും മാറ്റാതിരിക്കുക. അദ്ദേഹത്തെ പിന്തുടരുക. അപ്പോൾ നാമറിയാതെ തന്നെ, ഒരു അമ്മയുടെ കൈകളിലിരിക്കുന്നൊരു കുഞ്ഞ് അവർ എത്തുമ്പോൾ എത്തുന്നത് പോലെ നമ്മളും എത്തിച്ചേരും"

മാസ്റ്റർ അഭ്യാസികളുമൊത്ത് അൽപ്പസമയം ചിലവഴിച്ചു. പുതിയ അഭ്യാസികളുമായി ആദ്യദിവസം അദ്ദേഹം കൂടികാഴ്ച്ച നടത്തി. ചൈനയിൽ നിന്നുമുള്ള അഭ്യാസികളുടെ എല്ലാ ചോദ്യങ്ങൾക്കും അദ്ദേഹം ക്ഷമാപൂർവ്വം മറുപടി നൽകി. ചൈനീസ് ഭാഷയിലെ ചോദ്യങ്ങൾ തർജ്ജമ ചെയ്യുവാനായി ഒരു പരിഭാഷിയുണ്ടായിരുന്നു. അൽപ്പസമയത്തിന് ശേഷം പൂർണമായ പരിഭാഷ ലഭിക്കുന്നതിന് മുൻപ് തന്നെ മാസ്റ്റർ മറുപടി നൽകുവാൻ തുടങ്ങി. അത്ഭുതമെന്ന് പറയട്ടെ, ചൈനീസ് ഭാഷ മാത്രം അറിയാവുന്ന അഭ്യാസികൾ മാസ്റ്ററുടെ ഇംഗ്ലീഷിലുള്ള മറുപടികൾ മുഴുവനായും ഗ്രഹിച്ചുവെന്ന രീതിയിൽ തലയാട്ടുന്നുണ്ടായിരുന്നു.

ചൈനയിലെ ജനങ്ങൾക്ക് സഹജമാർഗ്ഗത്തിനോടൊരു തുറന്ന സമീപനമില്ലാത്തതിനാൽ അവിടെ സാധന എങ്ങനെ തുടരുമെന്ന് ഒരഭ്യാസി മാസ്റ്ററോട് ചോദിച്ചു. അതിന് മറുപടിയായി മാസ്റ്റർ ഇങ്ങനെ പറഞ്ഞു, "ആളുകളെആകർഷിക്കത്തക്കവണ്ണം നാം സ്വയം ഒരു ഉത്തമ മാതൃകയാകുമ്പോൾ ഒന്നിനെക്കുറിച്ചും വ്യാകുലപ്പെടുകയോ ഭയപ്പെടുകയോ വേണ്ടതില്ല".

വിവിധ രാജ്യങ്ങളിൽ നിന്നും വന്ന 58 പ്രശിക്ഷകരുമായ് അദ്ദേഹം കൂടിക്കാഴ്ച്ച നടത്തി. അദ്ദേഹം അവരുടെ ലളിതവും എന്നാൽ പ്രസക്തവുമായ ചോദ്യങ്ങൾക്ക് മറുപടി നൽകി. പിന്നീടദ്ദേഹം തന്റെ ഓഫീസ് മുറിയിലിരുന്ന് സാംസ്കാരിക പരിപാടികൾ വീക്ഷിച്ചു.

ബാബുജിയുടെ മലേഷ്യ, സിംഗപ്പൂർ സന്ദർശനം, മാസ്റ്ററുടെ സിംഗപ്പൂർ, മലേഷ്യ, ജപ്പാൻ, ചൈന എന്നീ രാജ്യങ്ങളിലെ സന്ദർശനം എന്നിവ ഉൾക്കൊള്ളിച്ച 20 മിനിറ്റ് ദൈർഘ്യമുള്ള ചലച്ചിത്രം പ്രദർശിപ്പിച്ചിരുന്നു. എല്ലാ രാജ്യക്കാരും ഇത് പോലുള്ള ചിത്രങ്ങൾ അവതരിപ്പിക്കണമെന്ന് മാസ്റ്റർ ആവശ്യപ്പെട്ടു.

ഡിസംബർ 3-ാം തിയ്യതി മാസ്റ്റർ സത്സംഗം നടത്തി. പിന്നീടദ്ദേഹം സമാപന പ്രഭാഷണം നടത്തി. വിവിധ സെൻററുകളിലെ അഭ്യാസികൾ, വിശിഷ്യ ഫ്രഞ്ച്-ചൈനീസ് മേഖലകളിൽ നിന്നുള്ളവർ, വിശദീകരിച്ച മുൻവർഷങ്ങളിലെ അവരുടെ പ്രവർത്തനങ്ങൾ എല്ലാവർക്കും പുതിയ കാര്യങ്ങൾ പഠിക്കുവാൻ അവസരം നൽകി. പങ്കെടുത്ത എല്ലാവരിലും ഈ സെമിനാർ പുതിയ ആശയങ്ങളും ഹൃദയം നിറയെ സ്നേഹവും പുതു ആർജ്ജവവും നൽകി. തങ്ങളുടെ രാജ്യങ്ങളിൽ മിഷനുവേണ്ടി കൂടുതൽ കാര്യങ്ങൾ ചെയ്യുമെന്ന വാഗ്ദാനവുമായാണ് അവർ മടങ്ങിയത്.

## വെള്ളപ്പൊക്ക ഭീഷണി

ശക്തമായ മഴ കാരണം താഴ്ന്ന പ്രദേശങ്ങളായ മണപ്പാക്കം, മുഗളിവാക്കം, ഗൗരിനഗർ എന്നിവിടങ്ങളിൽ വെള്ളപ്പൊക്ക ഭീഷണിയുണ്ടായി. ഈ പ്രദേശങ്ങളിൽ താമസിക്കുന്ന ചില അഭ്യാസികളുടെ വീടുകളിൽ വെള്ളം കയറുകയുണ്ടായി. ആശ്രമത്തിലെ അന്തേവാസികളോട് ആശ്രമത്തിൽ നിന്ന് വിട്ടുനിൽക്കുവാനും പുറത്ത് നിന്നും ആശ്രമത്തിലേക്ക് വരുവാൻ ആഗ്രഹിക്കുന്നവരോട് യാത്ര മാറ്റി വെക്കുവാനും മാസ്റ്റർ പറഞ്ഞു. മഴ കുറയുന്നത് വരെയും വെള്ളപ്പൊക്ക ഭീഷണി ഒഴിവാകുന്നവരെയും ആശ്രമം അടച്ചിട്ടു. ഈ അപകടഘട്ടത്തിലുടനീളം അഭ്യാസികളോട് മാസ്റ്റർക്കുള്ള സ്നേഹവും കരുണയും പ്രകടമായിരുന്നു










## യൂറോപ്പ്യൻ സെമിനാർ (2010 ഡിസംബർ 18 മുതൽ 23 വരെ)

അതിശൈത്യം മൂലം യൂറോപ്പിലെ മുഖ്യവിമാനത്താവളങ്ങൾ പലതും അടച്ചിട്ടിരുന്നുവെങ്കിലും 1200-ഓളം അഭ്യാസികൾ മണപ്പാക്കത്തിൽ എത്തിച്ചേർന്നു.

തങ്ങളെതന്നെ അഭിമുഖീകരിക്കുവാനുള്ള ധൈര്യം കണ്ടെത്തുവാനും മനുഷ്യ രാശിയുടെ മാറ്റത്തിനായി എന്ത് ചെയ്യുവാൻ സാധിക്കുമെന്നു ചിന്തിക്കുവാനും ആവശ്യപ്പെട്ടു കൊണ്ട് സെമിനാർ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. "അനാവശ്യ കാര്യങ്ങൾക്കായി സമയം ചിലവഴിക്കാതെ വളരെ ഗൗരവമേറിയ കാര്യങ്ങൾക്കായി ഈ സെമിനാർ ഉപയോഗപ്പെടുത്തുക. ആത്മാർത്ഥമായ ആത്മപരിശോധന നടത്തുവാനും ഹൃദയത്തിൻെറ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുവാനും അതിൻെറ ഉൾവിളി അംഗീകരിക്കുവാനും ഈ സമയം ഉപയോഗപ്പെടുത്തുക."


മാസ്റ്ററുടെ ഈ ചിന്ത ഉൾക്കൊള്ളിക്കുവാനായി പരിപാടിയുടെ ഘടനയിൽ ഉടനെ തന്നെ ഭേദഗതി വരുത്തി. ഹൃദയത്തിൻെറ ഉൾവിളികൾ പ്രതിഫലിപ്പിക്കുവാൻ അനവധി നിമിഷങ്ങൾ ഈ സെമിനാറിൽ ഉൾക്കൊള്ളിച്ചു. ഇത് കൂടാതെ ദിവസത്തിൽ 3 സത്സംഗങ്ങളും ഉണ്ടായിരുന്നു. പരിപാടിയിൽ സംസാരിക്കുവാനായി മാസ്റ്റർ ചുരുക്കം ചിലരെ നിയോഗിച്ചിരുന്നു. 'ജീവിത സാഗരം' എന്ന വിഷയത്തെപ്പറ്റി സഹോ.ചക്രപാണിയും 'മാസ്റ്ററും ഞാനും' എന്നതിനെപ്പറ്റി സഹോ.പി.ആർ. കൃഷ്ണനും, 'ഗുരുവും ശിഷ്യനും' എന്നതിനെക്കുറിച്ച് സഹോ.കെ.എസ്. ബാലസുബ്രമണ്യനും, 'യഥാർത്ഥ പരിശീലനം' എന്ന വിഷയത്തെക്കുറിച്ച് സഹോ.കമലേഷ് പട്ടേലും സംസാരിച്ചു.

പ്രഭാഷണവേളകളിൽ സന്നിഹിതനായിരുന്നില്ലെങ്കിലും തൻെറ ഓഫീസ്സിലെ ടെലിവിഷനിലൂടെ മാസ്റ്റർ എല്ലാം തന്നെ വീക്ഷിക്കുന്നുണ്ടായിരുന്നു. സെമിനാറിലുടനീളം തൻെറ സന്തോഷം മാസ്റ്റർ ഔപചാരികവും അനൗപചാരികവുമായ വേളകളിൽ പ്രകടിപ്പിച്ചു. അദ്ദേഹം തൻെറ സ്വതസിദ്ധമായ ശൈലിയിൽ വൈവിധ്യവും ഗൗരവമേറിയതുമായ വിഷയങ്ങളെപ്പറ്റി സംസാരിച്ചു. സാധാരണയായി പരാമർശിക്കപ്പെടാത്ത വിഷയങ്ങളായ ഗൃഹസ്ഥാശ്രമം, ലൈംഗികത എന്നിവയിലെ ചില സങ്കൽപ്പങ്ങളെമാസ്റ്റർ വെല്ലുവിളിച്ചു.

ബർലിനിലെ ആശ്രമത്തിൽ പുതിയൊരു ക്രെസ്റ്റ് ആരംഭിക്കുമെന്ന് അദ്ദേഹം അറിയിച്ചു. തുടർന്ന് 2011 വസന്തകാലത്ത് യുവ അഭ്യാസികൾക്കായി 'മനുഷ്യൻ എന്താണ് അല്ലെങ്കിൽ ആരാണ്' എന്ന വിഷയത്തെപ്പറ്റി ഒരു സെമിനാർ നടത്തുവാൻ അദ്ദേഹം നിർദ്ദേശിച്ചു. യൂറോപ്പിലെ പ്രഥമ റിട്രീറ്റ് സെൻററായി ഡെന്മാർക്കിലെ റാഡ്സ് സാൻെറ ആശ്രമത്തെ പ്രഖ്യാപിച്ചു. തൻെറ സമാപന പ്രസംഗത്തിൽ ജീവിതത്തിൻെറ ആനന്ദം തങ്ങളുടെ ഉള്ളിൽ നിറയ്ക്കുവാൻ അദ്ദേഹം പങ്കെടുത്തവരോട് ആവശ്യപ്പെട്ടു. ഈ അവസ്ഥ അവരിൽ നിലനിർത്തുവാനും യൂറോപ്പ് ഇന്ത്യയുടെ ഭാഗമാണെന്നുള്ള തോന്നൽ ഉളവാക്കുവാനും മാസ്റ്റർക്ക് സാധിച്ചു.

വാല്യം 4 ലക്കം 1 ജനുവരി 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക


# പുതിയ പ്രസിദ്ധീകരണങ്ങൾ





ദമസേജസ് യൂണിവേർസൽ (ഹാർഡ് ബൗണ്ട്)





മെസേജസ് യൂണിവേർസൽ





ഹാർട് സ്പീക്ക് 2005 തമിഴ്





ഹാർട് സ്പീക്ക് 2006 തെലുങ്ക്




എവേക്കൺ അവർ കോൺഷ്യസ്നെസ്സ് ഡിവിഡി ഇംഗ്ലിഷ്




എ സെലിബ്രേഷൻ – ദ ഹാർട്സ് എക്സ്പ്രെഷൻ ഓഫ് ഇറ്റ്സ് ഗ്രാറ്റിറ്റ്യൂഡ് (ഡിവിഡി ഇംഗ്ലിഷ്)




എവേക്കൺ ടു ട്രൂത്ത് ഡിവിഡി ഇംഗ്ലിഷ്

ഈ ഡിവിഡികൾക്കെല്ലാം ഇംഗ്ലീഷ്, ഫ്രഞ്ച്, സ്പാനിഷ്,ജർമൻ, ഇറ്റാലിയൻ, റഷ്യൻ, തമിഴ്, തെലുങ്ക്, ഹിന്ദി, കന്നഡ എന്നീ ഭാഷകളിൽ സബ്-ടൈറ്റിലുകൾ ലഭ്യമാണ്.

# അറിയിപ്പുകൾ

## ക്രെസ്റ്റ്- ബെർലിൻ, ജർമനി


എസ്എംഎസ്എഫിൻെറ ജർമനിയിലെ ബെർലിനിലുള്ള വസ്തുവിനെ മാസ്റ്റർ യൂറോപ്പിൻെറ സെൻറർ ഫോർ റിസേർച്ച്, എഡ്യുക്കേഷൻ, സാധന ആൻറ് ട്രെയ്നിംഗായി(ക്രെസ്റ്റ്) പ്രഖ്യാപിച്ചു. സഹോ. ക്രിസ്റ്റ്യൻ മാക്കെൻെറസ്സിനെ ക്രെസ്റ്റ് ഡയറക്ടറായി അദ്ദേഹം നിയമിച്ചു.

## സത്കോലിലേക്കുള്ള വസന്തകാല ബാച്ചുകളുടെ അപേക്ഷ

ജനുവരി മുതൽ മാർച്ച് 2011 വരെയുള്ള വസന്തകാല ബാച്ചുകൾക്കായുള്ള സത്കോൽ അപേക്ഷ ഇപ്പോൾ ഓൺലൈനായി താഴെ പറയുന്ന വിലാസത്തിൽ ലഭ്യമാണ് “http://www.sahajmarg.org/smww/sathkol/application-guidelines”

അപേക്ഷാഫോറം പൂരിപ്പിക്കുന്നതിനു മുൻപ് മാർഗ്ഗനിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കേണ്ടതാണ്. ഇൻറർനെറ്റ് സംവിധാനം ഇല്ലാത്തവർ തങ്ങളുടെ പ്രിസെപ്ടറുടെയോ, സെൻറർ ഇൻ ചാർജിൻെറയോ, സോണൽ ഇൻ ചാർജിൻെറയോ സഹായം തേടാവുന്നതാണ്. നിങ്ങളുടെ സംശയനിവാരണത്തിനായി സത്കോൽ അഡ്മിനിസ്ട്രേട്ടീവ് ഓഫീസുമായി താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പേടേണ്ടതാണ്. 044 2252 1099 അല്ലെങ്കിൽ 044 4217 1111 എക്സ്റ്റെൻഷൻ 218.

## ഭൂതകാലത്തിലേക്കൊരു എത്തിനോട്ടം ബാബുജിയുടെ 85–ാം ജന്മദിനാഘോഷം, ചെന്നൈ, 1984



ബാബൂജിയുടെ മഹാസമാധിക്കുശേഷം നടന്ന ആദ്യത്തെ ഗംഭീരമായ ആഘോഷം അദ്ദേഹത്തിൻെറ ജന്മദിനാഘോഷമാണ്. ഇന്ത്യയിൽ നിന്നും വിദേശത്തുനിന്നുമായി 3500–ലധികം അഭ്യാസികൾ ഇതിൽ പങ്കെടുത്തു. ചെന്നൈയിലെ വടപളനിയിലുള്ള വിജയശേഷമഹളിലായിരുന്നു ഈ ആഘോഷം സംഘടിപ്പിച്ചിരുന്നത്. അടുത്തുള്ള വിവാഹ ഹാളുകളിലായി അഭ്യാസികളുടെ താമസ സൗകര്യം ഏർപ്പെടുത്തിയിരുന്നു. ദിവസേന അഭ്യാസികളെകൊണ്ടുവരാനും തിരിച്ചു കൊണ്ടുവിടാനുമുള്ള യാത്രാസൗകര്യവും ഏർപ്പെടുത്തിയിരുന്നു. ഏപ്രിൽ 29–മുതൽ മെയ് 1–ാം തീയതി വരെയായിരുന്നു ആഘോഷം എല്ലാ ദിവസവും രാവിലത്തെയും വൈകീട്ടത്തെയും സത്സംഗം മാസ്റ്ററാണ് നടത്തിയത്. ആഘോഷത്തെ സംബന്ധിക്കുന്ന എല്ലാ കാര്യത്തിലും മാസ്റ്റർ അതീവ ശ്രദ്ധയും ഉത്സാഹവും പ്രകടിപ്പിച്ചിരുന്നു. എല്ലാത്തിലും അദ്ദേഹത്തിൻെറ ഭാര്യ സഹോ.സുലോചനയുടെ സഹായവും ഉണ്ടായിരുന്നു. അദ്ദേഹത്തിൻെറ കൃപയാൽ അന്തരീക്ഷം മുഴുവനും സ്വർഗ്ഗീയാനുഭൂതിയും, സ്നേഹവും, സന്തോഷവും, സാഹോദര്യവും നിറഞ്ഞു നിന്നു. മാസ്റ്ററുടെ പിതാവായ ശ്രീ സി.എ.രാജഗോപാലാചാരിയും ഈ ആഘോഷത്തിലുടനീളം പങ്കെടുത്തു. ഈ അവസരത്തിൽ ബാബുജിയുടെ സന്ദേശങ്ങളടങ്ങുന്ന ഒരു ചെറിയ ബുക്ക്ലെറ്റ് പ്രകാശനം ചെയ്തു.

മാസ്റ്റർ നൽകിയ “വരുംകാല കർത്തവ്യം” {Task ahead} എന്ന സന്ദേശത്തിൽ അദ്ദേഹം ബാബൂജി നമുക്കായി കണ്ട സ്വപ്നത്തെക്കുറിച്ചും അത് നിറവേറ്റാനായി നാം സ്വീകരിക്കേണ്ട മാർഗ്ഗത്തെക്കുറിച്ചും അതിലൂടെ അദ്ദേഹം നമുക്കായി തീർത്ത ലക്ഷ്യത്തിൽ എത്തിച്ചേരുന്നതിനെപ്പറ്റിയും നമ്മെ ഓർമ്മിപ്പിച്ചു. മിഷൻെറ ചരിത്രത്തിലെ വളരെ പ്രധാനപ്പെട്ട ഈ സന്ദേശത്തിൽ അദ്ദേഹം ഈ കർമ്മം പൂർത്തീകരിക്കുന്നതിൻെറ സാധ്യതയെപ്പറ്റിയും പറയുന്നു എന്തെന്നാൽ ഇത് അദ്ദേഹത്തിൻെറ ഇച്ഛയാണ്. അനിവാര്യമായ മാറ്റം നമ്മുടെ പ്രതീക്ഷയുണർത്തുകയും അദ്ദേഹം ആഗ്രഹിക്കുന്ന രീതിയിലായിത്തീരുവാനുള്ള ഉറപ്പ് നൽകുകയും ചെയ്യുന്നു. അതിനാൽ തന്നെ നമ്മളിൽ അർപ്പിച്ചിട്ടുള്ള ഈ ആധ്യാത്മിക പൈതൃകം മാനവിക ജീവിതത്തിനെ ആയിരങ്ങളോളം വർഷങ്ങൾ സേവിക്കാനുള്ളതും ഇനിയും പല താവഴികളിലേക്ക് കൈമാറാനുള്ളതുമായ ഒരു പരിശുദ്ധമായ കർമ്മമാണ്. അവസാനം അദ്ദേഹം നമ്മോട് ആഹ്വാനം ചെയ്യുന്നത് ഇങ്ങനെയാണ്. “ഉണരൂ, ജാഗരൂകരാകൂ നമ്മളിൽ അർപ്പിച്ചിട്ടുള്ള ദൈവീക ഉത്തരവാദിത്തം അദ്ദേഹത്തിൻെറ ഇഷ്ടത്തിനനുസരിച്ച് നിറവേറ്റുന്നതുവരെ വിശ്രമിക്കാതിരിക്കൂ.”

2007 ജൂലൈ 24–ന് പ്രകാശനം ചെയ്ത “ആൻറ് ഹീ മാർച്ചസ് ഓൺ” എന്ന പുസ്തകത്തിൽ നിന്നും എടുത്ത ഏതാനും ഭാഗങ്ങൾ

# പുതിയ പ്രകാശ കേന്ദ്രങ്ങൾ

## ഉദുമൽപേട്ട്



1994 ഏപ്രിൽ മാസത്തിലാണ് ഉദുമൽപേട്ട് ആശ്രമം ആരംഭിച്ചത് ഈ ആശ്രമത്തിലിപ്പോൾ 3 പ്രിസപ്റ്റർമാരും നൂറ്റമ്പതോളം അഭ്യാസികളുമുണ്ട്. ഉദുമൽപേട്ടയിൽ നിന്നും 6 കിലോമീറ്റർ അകലെയുള്ള രാജാവൂർ എന്ന സ്ഥലത്ത് ശാന്തമായ ഒരന്തരീക്ഷത്തിൽ സ്ഥിതി ചെയ്യുന്ന ഈ ആശ്രമത്തിനു 'ശാന്തി ആശ്രമം' എന്നാണ് മാസ്റ്റർ നാമകരണം ചെയ്തിട്ടുള്ളത്. ഒരു വർഷം മുൻപാണ് മാസ്റ്ററുടെ ഓഫീസിൻെറ ഉദ്ഘാടനവും ആശ്രമ ഭൂമിയുടെ റജിസ്ട്രേഷനും നടന്നത്. അഞ്ചേക്കർ സ്ഥലം ആശ്രമത്തിനും എട്ടേക്കർ കൃഷിഭൂമി വിവിധ അഭ്യാസികൽക്കുമായി തിരിച്ചു വെച്ചു. 2010 ഡിസമ്പർ 5ന് സഹോദരൻ എൻ പ്രകാശ് ആദ്യമായ് ഇവിടെ സത്സംഗം നടത്തി. എഴുപത്തഞ്ചോളം അഭ്യാസികൾ ആ സത്സംഗത്തിൽ പങ്കെടുത്തു. 60X40 അടി വിസ്താരമുള്ള ധ്യാനമന്ദിരത്തിൽ 300 പേർക്ക് ഇരിക്കാനുള്ള സൗകര്യമുണ്ട്.

## ഡിണ്ടിഗൽ



1991ൽ കേന്ദ്രം ആരംഭിച്ച സമയത്ത് ഒരു അഭ്യാസി സഹോദരിയുടെ വീട്ടിലായിരുന്നു സത്സംഗം നടത്തിയിരുന്നത്. കാലക്രമേണ അഭ്യാസികളുടെ എണ്ണം അധികമായപ്പോൾ ഞായറാഴ്ചകളിലെ സത്സംഗം അമലാദേവി ഹോസ്പിറ്റലിലേയ്ക്ക് മാറ്റി. സിറ്റിയിൽ നിന്നും 15 കിലോമീറ്റർ അകലെ വാതാപുരിയിൽ സ്ഥിതി ചെയ്യുന്ന ഇപ്പോഴത്തെ സ്ഥലം വാങ്ങിയത് രണ്ടു വർഷം മുമ്പാണ്. ധാരാളം മുല്ലത്തോപ്പുകളും തെങ്ങിൻ തോട്ടങ്ങളും ഉള്ള സ്ഥലമാണ് വാതാപുരി. കൊഡൈക്കനാൽ റൂട്ടിലുള്ള വാതാംകുണ്ട് റോഡിലാണ് ഈ ആശ്രമഭൂമി.

ധ്യാനമന്ദിരത്തിൻെറ പണി ഏതാണ്ട് രണ്ട് വർഷം കൊണ്ട് പൂർത്തീകരിച്ചു. ഇക്കാലത്ത് താത്കാലികമായി കെട്ടിയുണ്ടാക്കിയ കെട്ടിടത്തിലാണ് സത്സംഗം നടത്തിയത്. 60X40 അടി വിസ്താരമുള്ള ധ്യാനമന്ദിരത്തിൽ 300 പേർക്ക് ഇരിക്കാനുള്ള സൗകര്യമുണ്ട്. 2010 ഡിസമ്പർ 5 മുതൽ പുതിയ ധ്യാനമന്ദിരം ഉപയോഗിക്കുവാൻ മാസ്റ്റർ അനുവാദം നൽകി. അന്ന് സഹോദരൻ വിശ്വനാഥ് റാവു നടത്തിയ സത്സംഗത്തിൽ ഏതാണ്ട് അമ്പത് പേർ പങ്കെടുത്തു. ഡിസമ്പറിലെ ആദ്യ ഞായറാഴ്ച ആയ അന്ന് ഉച്ചയ്ക്ക് സത്സംഗം നടത്തിയത് സഹോദരൻ എൻ പ്രകാശ് ആയിരുന്നു. അന്നത്തെ വിഷയമായ 'ഹൃദയവാണി'യിലെ ഭാഗങ്ങളും അതുമായി ബന്ധപ്പെട്ട തങ്ങളുടെ ആത്മീയാനുഭവങ്ങളേക്കുറിച്ചും അഭ്യാസി സഹോദരീ സഹോദരന്മാർ സംസാരിച്ചു. മംഗളകരമായ ആ ദിനത്തിലെ പരിപാടികൾ പ്രയോജനപ്രദമായിരുന്നു

## തിരുവണ്ണാമലൈ, തമിഴ്നാട്



ചെന്നൈ നഗരത്തിൽ നിന്നും 185 കിലോമീറ്റർ അകലെയുള്ള തിരുവണ്ണാമലയിലെ പ്രകാശകേന്ദ്രം ആരംഭിച്ചത് 10 വർഷം മുമ്പാണ്. കണ്ണമംഗലത്ത് നിന്നുള്ള പ്രിസപ്റ്റർ വേലു ആണ് ഇവിടെ കേന്ദ്രം ആരംഭിച്ചത്. ആരംഭകാലത്ത് പുരോഗതി പതുക്കെ ആയിരുന്ന ഈ കേന്ദ്രത്തിൽ ധ്യാനമന്ദിരം നിർമ്മിക്കാൻ മാസ്റ്റർ അനുവാദം നൽകുകയും പെട്ടെന്നു തന്നെ അതിൻെറ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. സോണൽ ഇൻ ചാർജ് ആയ സഹോദരൻ എസ് പ്രകാശ് 2010 നവമ്പർ 14ന് ധ്യാനമന്ദിരത്തിൻെറ ഉദ്ഘാടനം നിർവഹിച്ച വേളയിൽ സമീപ കേന്ദ്രങ്ങളിൽ നിന്നുമുള്ള അഭ്യാസികൾ സന്നിഹിതരായിരുന്നു. സഹോദരൻ ഷണ്മുഖൻ, സഹോദരൻ പ്രകാശ്, സഹോദരൻ ലക്ഷ്മീനാരായണൻ സഹോദരൻ തിരുനാവുക്കരശ്, സഹോദരൻ ശ്രീരാമൻ എന്നിവർ സംസാരിച്ചു.

## ഗുൽബർഗ ആശ്രമം പ്രോജക്റ്റ്

പുതിയ ആശ്രമവും റെസിഡൻഷ്യൽ കോളനിയും നിർമ്മിക്കാൻ ഗുൽബർഗ കേന്ദ്രം 34 ഏക്ര സ്ഥലം വാങ്ങി. ആശ്രമത്തിൻെറയും കോളനിയുടേയും പ്രോജക്റ്റിനു 2010 നവംബർ 16ന് അംഗീകാരം നൽകിയ മാസ്റ്റർ ആശ്രമത്തിനു 'ബാബുജി മെമ്മോറിയൽ ആശ്രമം, ഗുൽബർഗ്ഗ' എന്നും കോളനിക്ക് 'യോഗ ജീവൻ എൻക്ലേവ്' എന്നും നാമകരണം ചെയ്തു. ഇപ്പോഴത്തെ ആശ്രമത്തിൽ നിന്നും 7.5 കിലോമീറ്റർ അകലെയാണ് പുതിയ ഭൂമി.

വാല്യം 4 ലക്കം 1 ജനുവരി 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

## ഇന്തോറിൽ പുതിയ ആശ്രമത്തിനായുള്ള സ്ഥലം



പുതിയ ആശ്രമം പണിയുവാനായി മുപ്പത് ഏക്കർ സ്ഥലം നൽകി മാസ്റ്റർ ഇന്തോർ കേന്ദ്രത്തെ അനുഗ്രഹിച്ചു. ഈ സ്ഥലം ഇപ്പോഴത്തെ കേന്ദ്രത്തിൽ നിന്നും 12 കി.മി. അകലെയാണ്. നവമ്പർ 14 ന് അവിടെ ഒരു പരിപാടി സംഘടിപ്പിച്ചു. ഏകദേശം 600 അഭ്യാസികൾ ഇതിൽ പങ്കെടുത്തു.

## ഒറീസ്സയിലെ പരലഖേമുണ്ടിയിൽ പുതിയ കേന്ദ്രം

ഒറീസ്സയിൽ ഗജപതി ജില്ലയിൽ പരലഖേമുണ്ടി എന്ന സ്ഥലത്ത് 2010 നവമ്പർ മുതൽ ഒരു പുതിയ കേന്ദ്രം പ്രവർത്തിച്ചു തുടങ്ങി. പരലഖേമുണ്ടി പണ്ട് രാജാക്കന്മാർ താമസിച്ചിരുന്ന സ്ഥലമായിരുന്നു. ഇതിൻെറ ചുറ്റളവ് ഏകദേശം 5 കി.മി. ആകുന്നു.

19 പുതിയ അഭ്യാസികളെ പുതിയതായി ചേർത്തി. ഇവിടെ പ്രിസപ്റ്റർമാർ ഇല്ലാത്തതിനാൽ അടുത്തുള്ള കേന്ദ്രത്തിൽ നിന്നും പ്രിസപ്റ്റർമാർ വന്നു സേവനം ചെയ്യുന്നതായിരിക്കും. ഈ കേന്ദ്രത്തിൻെറ പ്രവർത്തനം സമന്യയിപ്പിച്ചു കൊണ്ടു പോകുന്നത് സഹോ..സന്തോഷ് സാഹുവായിരിക്കും(ബന്ധപ്പെടേണ്ട നമ്പർ 09937080707). ഒറീസ്സ സോണിലെ 20-ാമത്തെ സെൻററാണിത്.

## ഹസ്സൻ കേന്ദ്രത്തിൻെറ പത്താം വാർഷികം

ഈ കേന്ദ്രത്തിൻെറ പത്താം വാർഷിക സ്മാരകോത്സവം 2010 ഡിസമ്പർ 15 ന് നടത്തി. ചിക്മാംഗളൂർ, തിപ്തൂർ, ബാംഗളൂർ, മൈസൂർ എന്നീ കേന്ദ്രങ്ങളിലെ അഭ്യാസികൾ ഇതിൽ പങ്കെടുത്തു.

രാവിലത്തെ സത്സംഗത്തോടുകൂടിയാണ് പരിപാടി തുടങ്ങിയത്. സത്സംഗത്തിനുശേഷം അഭ്യാസികൾ “അഭ്യാസിയുടെ പങ്ക്”, “പത്തു പ്രമാണങ്ങൾ”, “സഹജമാർഗ പദ്ധതിയും അതിൻെറ സരളതയും”,“സാധനയുടെ അടിസ്ഥാന ഭാഗങ്ങൾ”, എന്നിവയെപ്പറ്റി സംസാരിച്ചു. ഉച്ച ഭക്ഷണത്തിനുശേഷം ചോദ്യോത്തര വേളയിൽ അഭ്യാസികളുടെ സംശയങ്ങൾ ചർച്ച ചെയ്തു. അഭ്യാസികൾക്കായി ഗുരു അനുഭവിക്കുന്ന വിഷമതകളും അദ്ദേഹം ചെയ്യുന്ന ത്യാഗങ്ങളും പ്രസംഗങ്ങളിൽ വിശദമാക്കി കൊടുത്തു. വൈകുന്നേരത്തെ സത്സംഗത്തോടെ പരിപാടി അവസാനിച്ചു.

# ഗൃഹസദസ്സുകൾ

## തേനി, തമിഴ്നാട്



2010 ഒക്ടോബർ 23-ന് ബോഡിനായ്ക്കന്നൂരിലും കംഭത്തിലും ഗൃഹസദസ്സ് നടത്തി. സോണൽ ഇൻ ചാർജ് സഹോ. വി. വിശ്വനാഥ റാവു പരിപാടികളിൽ പങ്കെടുത്തു. സഹോ. സുന്ദരവും, സഹോ.ശുഭശ്രീ ശ്രീനിവാസനും ചേർന്നാണ് ഈ പരിപാടി ആസൂത്രണം ചെയ്തു നടത്തിയത്. ബോഡിനായ്ക്കന്നൂരിൽ ഉണ്ടായ ഒരു ആശ്ചര്യമെന്തെന്നാൽ വളരെക്കാലമായി പരിശീലനം നിർത്തിവെച്ചിരുന്ന പലരും ഇതിൽ പങ്കെടുക്കുകയും പരിശീലനം തുടരാമെന്ന് ഉറപ്പ് നൽകുകയും ചെയ്തു.

കംഭത്തിൽ മൂന്നാർ മലയടിവാരത്തിൽ താമസിക്കുന്ന ഒരു അഭ്യാസിയുടെ വീട്ടിൽ ഏകദേശം 40 അഭ്യാസികൾ ഒന്നിച്ചു കൂടി. സഹോ.സുന്ദരം അവിടെ കൂടിയവർക്ക് മിഷനെ പരിചയപ്പെടുത്തി കൊടുത്തു.

## ഹൈദരാബാദ്

ഓരോ ആഴ്ചകളിലും മാസങ്ങളിലും പല ഉപകേന്ദ്രങ്ങളിലും ഗൃഹസദസ്സുകൾ നടത്താറുണ്ട്. ഇപ്പോൾ അഭ്യാസികളായവർക്കും ഇതിൽ താൽപര്യമുള്ളവർക്കും വേണ്ടിയാണ് ഇത്തരം പരിപാടികൾ ആവിഷ്കരിക്കുന്നത്. ഇതിൽ പങ്കെടുക്കുന്നതു വഴി, ഇപ്പോൾ പരിശീലിക്കുന്ന അഭ്യാസികൾക്ക് മാസ്റ്റർ, മിഷൻ, പദ്ധതി എന്നീ കാര്യങ്ങളെപ്പറ്റിയുള്ള അറിവ് വർദ്ധിക്കുകയും നാമെല്ലാം ഒരേ കുടുംബത്തിൽ ചേർന്നവരാണെന്ന ബോധം വളരുകയും തങ്ങളുടെ ഹൃദയം തുറന്നു വികസിക്കാൻ അവസരം ലഭിക്കുകയും ചെയ്തു.

ഈ പദ്ധതിയെപ്പറ്റി അറിയാൻ താൽപര്യമുള്ള അയൽക്കാർക്കും സുഹൃത്തുക്കൾക്കും ഈ പദ്ധതിയെപ്പറ്റി ഗൃഹസദസ്സുകളിൽ വിവരിച്ചു കൊടുക്കാറുണ്ട്. വളരെ അനൗപചാരികമായ വിധത്തിലാണ് ഇവ നടത്തപ്പെടുന്നത്.

ഹൈദരാബാദിലെ മൽക്കാജ്ഗിരി ഉപകേന്ദ്രത്തിൽ കഴിഞ്ഞ കുറച്ചു കാലമായി എല്ലാ ശനിയാഴ്ച്ചകളിലും ഏകദേശം 35 അഭ്യാസികൾ ചേർന്ന് സാധനയുടെ വിവിധ വശങ്ങളെപ്പറ്റി ചർച്ച ചെയ്യാറുണ്ട്. ഇതിൽ പങ്കെടുക്കുന്നവർ തങ്ങളുടെ സാധന കൂടുതൽ ആത്മാർത്ഥതയോടെയും ഗൗരവത്തോടെയും ചെയ്യുന്നത് കാണുവാൻ കഴിയുന്നുണ്ട്.

## ഒറീസ്സയിലെ ആൻഗുലിൽ ഗൃഹസദസ്സ്

അഭ്യാസികളുടെ കുടുംബങ്ങൾ തമ്മിൽ ബന്ധം ശക്തിപ്പെടുത്താൻ വേണ്ടി ഡിസമ്പർ 9-ന് ഒരു അനൗപചാരിക ഗൃഹസദസ്സ് നടത്തി. ഇത് അനൗപചാരികമായിരുന്നു എങ്കിലും ജീവിതത്തിലെ ആത്മീയ വശത്തെക്കുറിച്ച് ചർച്ചയുണ്ടായി. ഇതിൽ പങ്കെടുത്തവർ അവരുടെ ജീവിതത്തിൽ ആത്മീയവശങ്ങളെപ്പറ്റിയുള്ള ചിന്തകൾ, അനുഭവങ്ങൾ എന്നിവയെ പങ്കുവെച്ചു. തത്ഫലമായി ഈ കേന്ദ്രം വികസിപ്പിക്കുവാനുള്ള പല അഭിപ്രായങ്ങളും പ്രബോധനങ്ങളും ലഭിച്ചു. ഈ കേന്ദ്രത്തിൻെറ വളർച്ചക്ക് ഇത്തരം സമ്മേളനങ്ങൾ ഉപകാരപ്രദമായതിനാൽ രണ്ടു മാസത്തിലൊരിക്കലെങ്കിലും ഇത്തരം സമ്മേളനം സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

വാല്യം 4 ലക്കം 1 ജനുവരി 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

## സൂറത്തിൽ സമന്വയാധികാരികളുടെ സെമിനാർ



ഡിസമ്പർ 12-ന് സൂറത്ത് കേന്ദ്രത്തിൽ ആ സോണിലെ സമന്വയാധികാരികളുടെ ഒരു സെമിനാർ സംഘടിപ്പിച്ചു. ഗൃഹസദസ്സ്, തുറന്ന സദസ്സ്, വി.ബി.എസ്.ഇ., ലേഖനമെഴുത്ത്, ഉപകേന്ദ്രങ്ങളുടെ വികസനം എന്നീ കാര്യങ്ങളിൽ ഉള്ള സംശയം നീക്കുകയായിരുന്നു ഈ സെമിനാറിൻെറ ഉദ്ദേശ്യം. ഈ സോണിലെ വിവിധ കേന്ദ്രങ്ങളിൽ നിന്ന് ഏകദേശം 34 ചുമതലയുള്ളവർ പങ്കെടുത്തു.

സഹോ.ഹിരൺ ഷാ(സോ.ഇ.ചാർജ്) സ്വാഗതപ്രസംഗം നടത്തി. സഹോ. സുരേഷ് രാജഗോപാൽ, സഹോ.വിലാസ് ഭോണ്ടെ, സഹോ.വിഭ റാത്തോട്, സഹോ. സൗമ്യ രാജഗോപാൽ എന്നിവർ സംസാരിച്ചു.

## അന്ധവിശ്വാസവും ആത്മീയ വളർച്ചയും എന്ന വിഷയത്തെപ്പറ്റി ചർച്ച, ജെയ്പൂർ, ആന്ധ്ര

ഒക്ടോബർ 31-ന് ജെയ്പൂർ സെൻററിലെ അഭ്യാസികൾ "അന്ധവിശ്വാസവും ആത്മീയതയും" എന്ന വിഷയത്തെ ചർച്ച ചെയ്തു. നമ്മുടെ ജീവിതത്തിലെ സംഭവങ്ങൾ നമ്മുടെ ഭൂതകാല വിശ്വാസങ്ങളുടേയും ആചാരങ്ങളുടേയും ഫലമാണെന്നും അവ മാസ്റ്ററുടെ സഹായത്താൽ എപ്രകാരം തരണംചെയ്യാമെന്നും പലരും സംസാരിച്ചു. ഇത് എങ്ങനെ സാദ്ധ്യമാകുമെന്ന് പല അഭ്യാസികളും ആശ്ചര്യപ്പെട്ടു. നിരന്തര പരിശീലനവും മാസ്റ്ററിലുള്ള ഗാഢമായ വിശ്വാസവും ഇതിനെ സഹായിക്കും എന്ന് മുതിർന്നവർ വിവരിച്ചു. അതിനുശേഷം "വിസ്പേർസ് ഫ്രം ദ ബ്രൈറ്റർ വേൾഡ്" എന്ന പുസ്തകത്തെപ്പറ്റി ചർച്ച ചെയ്തു. മാസ്റ്ററുടെ സ്നേഹവും മാർഗനിർദ്ദേശവും ഉടനീളം അനുഭവപ്പെട്ടു.

## ആത്മിയ എകാന്തവാസം, അഹമ്മദാബാദ്

ദീപാവലി ഒഴിവു ദിവസങ്ങളിൽ അഹമ്മദാബാദ് കേന്ദ്രത്തിൽ ആറു ദിവസത്തെ ഒരു ആത്മീയ ഏകാന്തവാസം സംഘടിപ്പിച്ചു. ഗുജറാത്തിലെ വിവിധ കേന്ദ്രങ്ങളിൽനിന്നും ഏകദേശം 125 അഭ്യാസികൾ യോഗാശ്രമത്തിൽ താമസിച്ചു, ഈ പരിപാടിയെ ഉപയോഗപ്പെടുത്തി. എല്ലാ ദിവസവും രണ്ടു സത്സംഗങ്ങൾ ഉണ്ടായിരുന്നു. യോഗ ക്ലാസ്സുകളും വ്യക്തിഗത സിറ്റിംഗുകളും, സുവർണ്ണ നിശ്ശബ്ദതയും സിഡി പ്രദർശനവുമുണ്ടായിരുന്നു. അഭ്യാസികൾ വളൻറിയർ പ്രവർത്തി ഉത്സാഹത്തോടുകൂടി ചെയ്തു. പരിശീലനത്തെപ്പറ്റി ചർച്ചയും, ചോദ്യോത്തര ക്ലാസ്സും സഹോ. സുരേഷ് രാജഗോപാൽ നടത്തി. സഹോ. ധർമ്മേഷും, സഹോ.കസ്തൂരിയും ചേർന്ന് ഒരു വി.ബി.എസ്.ഇ. ക്ലാസ് അവതരിപ്പിച്ചു. കുറച്ച്, തുടക്കക്കാർക്കുള്ള സിറ്റിംഗും ഈ ദിവസങ്ങളിൽ നടത്തി.

## തെക്കൻ കർണ്ണാടകത്തിലെ പ്രസിദ്ധീകരണ വിഭാഗത്തിൻെറ ശിൽപശാല



തെക്കൻ കർണ്ണാടകത്തിൽ പ്രസിദ്ധീകരണത്തിൻെറ ആക്കം കൂട്ടുവാനായി ഇവിടത്തെ കേന്ദ്രങ്ങളിലെ വളൻറിയർമാർക്ക് ഡിസമ്പർ 18,19 തിയതികളിൽ രണ്ടു ദിവസത്തെ പ്രസിദ്ധീകരണ ശിൽപശാല മൈസൂർ ആശ്രമത്തിൽ വെച്ച് നടത്തി. 15 കേന്ദ്രങ്ങളിൽ നിന്നായി ഏകദേശം 54 വളൻറിയർമാർ ഇതിൽ പങ്കെടുത്തു. പ്രസിദ്ധീകരണങ്ങളോടു ബന്ധപ്പെട്ട വിൽപന, കണക്കു തയ്യാറാക്കൽ, വരിസംഖ്യ സ്വീകരിക്കൽ, പുസ്തക സംഭരണം, വിതരണം എന്നീ വിഷയങ്ങളിൽ വളൻറിയർമാർക്ക് പരിഞ്ജാന മുണ്ടാക്കുകയായിരുന്നു ഈ ശിൽപശാലയുടെ ഉദ്ദേശം.

പ്രസിദ്ധീകരണ വിഭാഗം നല്ല നിലയിൽ പ്രവർത്തിക്കാൻ കേന്ദ്രങ്ങളിലെ അഭ്യാസികൾക്ക് പ്രചോദനം നൽകുവാനായി തുടർച്ചയായി പ്രവർത്തിക്കാൻ വളൻറിയർമാർക്ക് ആവശ്യമായ ഒരു പദ്ധതിയ്ക്കും ഇവിടെ രൂപകൽപന ചെയ്തു.

## വഡോദര, ഗുജറാത്ത്



ഒക്ടോബർ 24-ന് വഡോദരയിൽ ഒരു തുറന്ന സദസ്സ് നടത്തി. വളൻറിയർമാരുടെ സഹായത്താൽ ഒ.എൻ.ജി.സി.യുടെ ചുറ്റുമുള്ള വീടുകളിൽ ഏകദേശം 1500 ക്ഷണക്കത്തുകൾ വിതരണം ചെയ്തു. ഞായറാഴ്ച രാവിലെ 7.30-ന് സത്സംഗത്തോടുകൂടി അഭ്യാസികൾക്കായി ഒ എൻ ജി സി ഓഡിറ്റോറിയത്തിൽ പരിപാടി ആരംഭിച്ചു. ക്ഷണിക്കപ്പെട്ട അതിഥികൾ രാവിലെ പത്തു മണിക്കു ശേഷം വന്നു തുടങ്ങി. "ആത്മീയതയുടെ ആവശ്യം എന്ത്" എന്ന വിഷയത്തിൽ ഒരു പ്രസംഗത്തോടുകൂടിയായിരുന്നു രാവിലത്തെ സെഷൻ. ഇതിൽ സന്തുലിത ജീവിതത്തിൻെറ ആവശ്യകതക്ക് ഊന്നൽ കൊടുത്തിരുന്നു. സഹജമാർഗത്തെപ്പറ്റിയുള്ള ഒരു പൊതു വിവരം സഹോ. കമലേഷ് പട്ടേൽ നൽകി. ഈ ആത്മീയ യാത്രയിൽ എല്ലാവരോടും പങ്കെടുക്കുവാൻ അദ്ദേഹം അപേക്ഷിച്ചു. ശ്രോതാക്കൾ പ്രസംഗം ശ്രദ്ധിച്ചു കേട്ടു. ചായ സമയത്ത് പ്രിസപ്റ്റർമാർ ഇതിൽ ചേരുവാൻ താൽപര്യമുള്ളവരുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകി. ആശ്രമത്തിൻെറ ഒരു ഭൂപടവും പിസപ്റ്റർമാരുടെ വിവരവും എല്ലാവർക്കും വിതരണംചെയ്തു. ഇതിൽ പങ്കെടുത്ത 170 പേരിൽ 80 പേർ ഇതിൽ ചേരുവാൻ താൽപര്യം കാണിച്ചു. കുറെപേർ സിറ്റിംഗ് എടുത്തു.

വാല്യം 4 ലക്കം 1 ജനുവരി 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

# മുഴുവൻ ദിന പരിപാടികൾ

## ചിന്നവല്ലികുളം, വിരുതനഗർ, തമിഴ്നാട്

2010 ഒക്ടോബർ 31-ന് വിരുതനഗരിലെ ചിന്നവല്ലികുളത്തുള്ള ആശ്രമത്തിൽ വെച്ച് ഒരു ദിവസത്തെ കൂട്ടായ്മ ആസൂത്രണം ചെയ്യുകയുണ്ടായി. ഇതിൽ വിരുതനഗർ, കരിയപ്പെട്ടി, കോവിൽപ്പെട്ടി എന്നീ കേന്ദ്രങ്ങളിൽനിന്നുള്ള നാൽപത്തിനാലോളം അഭ്യാസികൾ പങ്കെടുക്കുകയുണ്ടായി. രാവിലത്തെ സത്സംഗത്തിനുശേഷം "സ്വഭാവ രൂപീകരണം", "ധാർമ്മികതയും സദാചാരവും" എന്നീ വിഷയങ്ങളെക്കുറിച്ചുള്ള മാസ്റ്ററുടെ പ്രഭാഷണം കേൾപ്പിച്ചു. തുടർന്ന് നടന്ന ചർച്ചയിലും ചോദ്യോത്തരവേളയിലും അഭ്യാസികൾ വളരെയധികം ഉത്സാഹത്തോടെ പങ്കെടുത്തു.

## മധുരൈ ആശ്രമം, തമിഴ്നാട്



മധുരയിലും സമീപപ്രദേശങ്ങളിൽനിന്നുമായി ഏകദേശം 500 ഓളം അഭ്യാസികൾ പങ്കെടുത്ത ഒരു കൂട്ടായ്മ, ഒക്ടോബർ 31-ന് മധുരയിൽ വെച്ച് നടത്തുകയുണ്ടായി. സഹോ. പി. പളനിയപ്പൻെറ ഉദ്ഘാടന പ്രസംഗത്തോടേ പരിപാടി ആരംഭിച്ചു. അദ്ദേഹം തൻെറ പ്രഭാഷണത്തിൽ മാസ്റ്ററുടെ പ്രഭാഷണങ്ങൾ ശ്രവിക്കേണ്ടതിൻെറ ആവശ്യകതയെപ്പറ്റിയും അത് ഉൾക്കൊള്ളേണ്ടതിൻെറ ആവശ്യകതയെപ്പറ്റിയും, ആത്മീയ അന്തരീക്ഷം ആസ്വദിക്കേണ്ടതിനെപ്പറ്റിയും ഊന്നിപ്പറയുകയുണ്ടായി. തുടർന്ന് "സഹജമാർഗത്തിൻെറ അടിസ്ഥാനതത്വങ്ങൾ" എന്ന വിഷയത്തെക്കുറിച്ച് സഹോ. ശാന്തകുമാരിയും, "പരിശീലനം" എന്ന വിഷയത്തെക്കുറിച്ച് സഹോ. എസ്. പളനിയമ്മാളും, "ദശസൂക്തങ്ങളും അവയ്ക്ക് നമ്മുടെ ജിവിതത്തിലെ പങ്ക്" എന്ന വിഷയത്തെക്കുറിച്ച് സഹോ.എ.ജി. തങ്കവും, "ആദ്ധ്യാത്മിക മാറ്റങ്ങൾ" എന്ന വിഷയത്തെക്കുറിച്ച് ലത ശിവരാമനും സംസാരിച്ചു.അതേ തുടർന്ന്, "ആത്യന്തിക സ്വഭാവം" എന്ന വിഷയത്തെക്കുറിച്ച് സഹോ. പി. പളനിയപ്പൻ വിശദീകരിച്ചു. ഈ ചിന്തകളെല്ലാം ക്രോഡീകരിക്കുവാൻ ഉതകുന്നതായിരുന്നു പരിപാടിയുടെ അവസാനത്തെ സത്സംഗം.

ആശ്രമത്തിലെ സ്റ്റഡി ഏരിയയുടെ ഉദ്ഘാടനം സഹോ.വിശ്വനാഥ റാവു നവമ്പർ 14-ന് നിർവ്വഹിച്ചു. ഞായറാഴ്ച്ച സത്സംഗത്തിൽ ഏകദേശം 500 പേർ പങ്കെടുത്തു. തുടർന്ന് സഹോ. വിശ്വനാഥ റാവു "സ്വഭാവ രൂപീകരണത്തെക്കുറിച്ച്" സംസാരിച്ചു. മാസ്റ്ററുടെ സംപ്രേക്ഷണം വഴി മാറുന്ന നമ്മൾ എങ്ങനെയാണ് ആത്മീയ വ്യക്തികളായി വ്യവഹരിക്കേണ്ടതെന്നു അദ്ദേഹം ഊന്നിപ്പറഞ്ഞു. ചെന്നൈയിൽനിന്നും കൊണ്ടുവന്ന ജി.ഐ.ഷീറ്റുകൾ കൊണ്ടാണ് ഈ സ്റ്റഡി ഏരിയ നിർമ്മിച്ചിരിക്കുന്നത്. 70 ഓളം കുട്ടികളും അവരുടെ രക്ഷിതാക്കളുമാണ് ഈ പരിപാടിയിൽ ഉത്സാഹത്തോടെയും സന്തോഷത്തോടെയും പങ്കെടുത്തത്.

## ഹർദോയി, ഉത്തർ പ്രദേശ്

ഹർദോയി സെൻററിൽ വെച്ച് ഒരു ഗ്രൂപ്പ് ചർച്ച, നവമ്പർ 5-ന് സംഘടിപ്പിക്കുകയുണ്ടായി. സഹോ. സഞ്ജയ് നേതൃത്വം നൽകിയ ഈ ചർച്ചയിൽ വളരെയധികം അഭ്യാസികൾ പങ്കെടുത്തു. പല ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് "അഭ്യാസിയുടെ ആത്മീയ പുരോഗതി" എന്ന വിഷയം ചർച്ച ചെയ്തു.ചർച്ചയിൽ ഉരുത്തിരിഞ്ഞ കാര്യങ്ങൾ സൂക്ഷ്മമായി ക്രോഡീകരിച്ച്, അതിൻെറ സാരാംശം ഓരോ ഗ്രൂപ്പും അവതരിപ്പിച്ചു. ചർച്ച അവസാനിപ്പിച്ചുകൊണ്ട് സഹോ.സഞ്ജയ് സാഹോദര്യത്തിൻെറ അന്തരീക്ഷം നിറഞ്ഞുനിന്ന, ഹൃദയസ്പർശിയായ ഈ ചർച്ചയിൽ പങ്കെടുത്തതിന് നന്ദി പറഞ്ഞു. മാസ്റ്ററോടുള്ള കൃതജ്ഞതയും അദ്ദേഹം സ്മരിച്ചു.

## രാമനാഥപുരം

രാമനാഥപുരത്തെ പ്രോഗ്രാം നവമ്പർ 21-ന് ആണ് നടത്തിയത്. ശിവഗംഗ, പരമകുടി, രാമനാഥപുരം എന്നീ സ്ഥലങ്ങളിൽനിന്നും പ്രിസപ്റ്റർമാർ ഉൾപെടെ നാൽപതോളം പേർ പങ്കെടുത്തു."സഹജമാർഗി എന്ന നിലയ്ക്ക് നമുക്ക് അഭിമാനിക്കാനായി നമുക്ക് എന്താണ് ഉള്ളത്" എന്നതായിരുന്നു ചർച്ചാ വിഷയം. തുടർന്ന് "ആധ്യാത്മികതയുടെ പ്രാധാന്യം" എന്ന മാസ്റ്ററുടെ വീഡിയോ പ്രദർശനവും ഉണ്ടായി.

## ശിവഗംഗൈ

നവമ്പർ 28-ന്, ശിവഗംഗൈ, മണമധുരൈ, പരമകുടി, മധുരൈ എന്നീ കേന്ദ്രങ്ങളിൽനിന്നും 90 ഓളം അഭ്യാസികൾ പങ്കെടുത്ത ഒരു പരിപാടി സംഘടിപ്പിക്കുകയുണ്ടായി. "നിങ്ങൾ സഹജമാർഗം ശരിയായി മനസ്സിലാക്കിയില്ലെങ്കിൽ, സഹജമാർഗം പരിശീലിക്കുകയില്ല" എന്ന മാസ്റ്ററുടെ പ്രസ്താവനയെ അടിസ്ഥാനപ്പെടുത്തിയായിരുന്നു ചർച്ച. "ധ്യാനം എന്നാൽ എന്ത്?", "ധ്യാനത്തിൻെറ പ്രാധാന്യം", "സഹജമാർഗ ധ്യാനം", "ധ്യാനത്തിൻെറ ഗുണഗണങ്ങൾ" എന്നീ വിഷയങ്ങൾ ചർച്ച ചെയ്തു.


ശിവഗംഗൈ


വിരുതനഗർ


ഹർദോയി

വാല്യം 4 ലക്കം 1 ജനുവരി 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക







## തിരുപ്പൂർ സെൻററിലെ മുഴുദിന പരിപാടി

ഡിസമ്പർ 12-ന് തിരുപ്പൂരിലെ ഡി.ജെ. പാർക്കിൽ ഒരു മുഴുദിന പരിപാടി സംഘടിപ്പിച്ചു. ഞായറാഴ്ച രാവിലെ സത്സംഗത്തിനുശേഷം, സോണൽ ഇൻ ചാർജ് സഹോ. ടി.വി.വിശ്വനാഥ റാവു ഉപക്രമ പ്രസംഗം നടത്തി. അടുത്തു നടത്തിയ ഏഷ്യാ സെമിനാറിൽ മാസ്റ്റർ നടത്തിയ "പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക" എന്ന പ്രഭാഷണത്തിൽ നിന്നും അദ്ദേഹം ഉദ്ധരിച്ചു.

"സ്വഭാവ രൂപീകരണം" എന്ന വിഷയമാണ് പരിപാടിയിൽ ചർച്ച ചെയ്തത്. സഹോ.സുന്ദരം ചർച്ച തുടങ്ങി വെച്ചു. ചർച്ചയിൽ പങ്കെടുത്തവർ സ്വഭാവ രൂപീകരണത്തിൻെറ അടിസ്ഥാനപരമായ കാര്യങ്ങൾ വിശദീകരിച്ചു. പങ്കെടുത്തവർ ഈ പരിപാടി തങ്ങൾക്ക് ഉപകാരപ്രദമായി എന്ന് അഭിപ്രായപ്പെട്ടു.

## നിസാമബാദിലെ ബൻസ്വാദയിലെ വിദ്യാർത്ഥികളോട് നടത്തിയ പ്രസംഗം.

നിസാമബാദിലെ ബൻസ്വാദയിലെ ശ്രീകൃഷ്ണവേണി ടാലൻറ് സ്കൂളിലെ വിദ്യാർത്ഥികൾക്കായി "മൂല്യങ്ങളും ആത്മീയതയും" എന്ന വിഷയത്തെ അധികരിച്ച് ഡിസമ്പർ 11-ന് ഒരു പ്രഭാഷണം നടത്തി. എളുപ്പമുള്ള കളികളിലൂടെ കുട്ടികൾക്ക് കൂട്ടായ്മയുടെ ആശയം പകർത്തി. ഒന്നാം ക്ലാസ്സ് മുതൽ ഒമ്പതാം ക്ലാസ്സ് വരെയുള്ള 400 ഓളം കുട്ടികളും 16 അദ്ധ്യാപകരും ഇതിൽ പങ്കെടുത്തു.

തങ്ങളുടെ ബിരുദ വിദ്യാർത്ഥികൾക്കായി ഇതുപോലുള്ള ഒരു പരിപാടി നടത്തുന്നതിനായി ബൻസ്വാദയിലെ സായി കീർത്തി ജൂനിയർ കോളേജ് അധികൃതർ മിഷനെ സമീപിച്ചു. നൂറോളം വിദ്യാർത്ഥികളും ഇരുപതോളം അദ്ധ്യാപകരും ഇതിൽ പങ്കെടുത്തു. ജീവിതതാളത്തിൻെറ പ്രസക്തി, മാനുഷിക മൂല്യങ്ങൾ, ആത്മീയത എന്നിവയുടെ ആവശ്യകത എന്നീ വിഷയങ്ങൾ എളുപ്പമാർന്ന ഉദാഹരണങ്ങളിലൂടെ വിവരിച്ചു.

## തെക്കെ കർണ്ണാടകയിലെ "സഹജമാർഗ പോരാളികൾ"

"സഹജമാർഗ പോരാളികൾ" എന്ന രണ്ട് ദിവസം നീണ്ട പരിപാടി തെക്കെ കർണ്ണാടകയിൽ നിന്നുള്ള 47 അഭ്യാസികൾക്കായി നവമ്പർ 13-14 തിയതികളിൽ തമിഴ്നാടിലെ നാട്രംപള്ളി ആശ്രമത്തിൽ വെച്ച് നടത്തി.

ഈ വിഷയത്തെ അധികരിച്ച് 2004 ഏപ്രിലിൽ ബാംഗളൂരിൽ വെച്ച് മാസ്റ്റർ നടത്തിയ ഒരു പ്രഭാഷണം ഈ പരിപാടിക്ക് ഉത്തേജകമായി. "അതിനാൽ, ദുഷ്ക്കരമായ അവസ്ഥയെ നേരിടാൻ എല്ലാവരും തയ്യാറായിരിക്കുക, ആത്മീയതയുടെ പടയാളികളെയാണ് നമുക്കാവശ്യം" എന്ന് അദ്ദേഹം ആ പ്രഭാഷണത്തിൽ ആവശ്യപ്പെട്ടിരുന്നു. "നാം നമ്മുടെ സംസ്കാരങ്ങളെ, നമ്മുടെ ചീത്ത സ്വഭാവങ്ങളെ, നമ്മുടെ നിഷേധാത്മക ചിന്തകളെമാത്രമെ നശിപ്പിക്കുന്നുള്ളു. അങ്ങിനെ നമുക്കുള്ളിൽ നിന്നും നാം ദിവ്യന്മാരായി പുറത്തു വരുന്നു".

തെക്കേ കർണ്ണാടകയിൽ സഹജമാർഗ സേവനത്തിനായി ശക്തരായ വളൻറിയർമാരെ വളർത്തുക എന്ന ലക്ഷ്യമായിരുന്നു ഈ പരിപാടിക്ക് ഉപാധിയായത്.

സഹജമാർഗം എങ്ങനെ ഒരു ജീവിത രീതിയാക്കാം, മാതൃകയാകുന്നതെങ്ങനെ, ഫലപ്രദമായും പ്രയോഗക്ഷമമായും സ്വയം സേവകരാകുന്നതെങ്ങനെ, ഒരഭ്യാസിയുടെ വ്യക്തിത്വം, സഹജമാർഗപരിശീലനം ശരിയായും ഫലപ്രദമായും ചെയ്യുന്നതെങ്ങനെ തുടങ്ങിയ അഞ്ചു പ്രധാന വിഭാഗങ്ങൾ ഈ പരിപാടിയിലുണ്ടായിരുന്നു.

ഉത്തമ അഭ്യാസിയുടെ ഗുണഗണങ്ങൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ടപ്പോൾ, സഹജമാർഗം എളുപ്പമായതാണെങ്കിലും മാനുഷിക ഉന്നമനം നേടുന്നത് ശ്രമകരമാണെന്നും, അഭ്യാസിയുടെ ഭാഗത്തുനിന്നും അത്യധികം സമർപ്പണം ആവശ്യമാണെന്നും അഭ്യാസികൾ അഭിപ്രായപ്പെട്ടു. തങ്ങളുടെ സാധനയോടുള്ള സമീപനം മാറ്റാനും കൂടുതൽ കൃത്യതയോടെ നടത്താനും ഈ പരിപാടി സഹായകമാകുമെന്ന് അവർ അഭിപ്രായപ്പെട്ടു.

## മാംഗളൂരിലെ അഭ്യാസികൾക്കായി ശിൽപശാല

മാംഗളൂരിലെ 33 ഓളം അഭ്യാസികൾക്കായി ഒരു ശിൽപശാല സഹോ. മോഹൻദാസ് നടത്തി. "എൻെറ മാസ്റ്റർ, എൻെറ മിഷൻ, എൻെറ പദ്ധതി" എന്ന വിഷയത്തെക്കുറിച്ചായിരുന്നു ചർച്ച ചെയ്തത്. "ജീവിതത്തിൽ ഗുരുവിൻെറ പ്രാധാന്യം" എന്ന വിഷയത്തെക്കുറിച്ചുള്ള ഡിവിഡി പ്രദർശിപ്പിച്ചു. "സഹജമാർഗത്തിലെ മാസ്റ്റർമാർ" എന്ന വിഷയത്തെക്കുറിച്ചും, മനുഷ്യരുടെ ആത്മീയ പുരോഗതിയിൽ അവരുടെ പങ്കിനെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. അതിനു ശേഷം "എൻെറ പദ്ധതി" അദ്ദേഹം വിശദീകരിച്ചു. നമ്മുടെ പരിശീലനത്തിലെ പ്രധാന ഘടകങ്ങൾ വിശദീകരിച്ചു. സ്വയം സേവനത്തിൻെറ പ്രാധാന്യത്തിന് അദ്ദേഹം ഊന്നൽ നൽകി. "മാസ്റ്ററും ശിഷ്യനും" എന്ന ഡിവിഡി പ്രദർശനത്തിനുശേഷം വിവിധ വിഷയങ്ങളെഅധികരിച്ച് ചർച്ച നടത്തി. സ്വഭാവരൂപീകരണത്തിൻെറ പ്രാധാന്യത്തെക്കുറിച്ച് സഹോ. മോഹൻദാസ് ഊന്നി പറയുകയും ബാഹ്യമായ മാറ്റം അഭ്യാസിയുടെ ഉത്തരവാദിത്വമാണെന്ന് ഓർമ്മിപ്പിക്കുകയും ചെയ്തു.

മൂന്നു 'എം' കൾ കൂടുതൽ വിശദമായി മനസ്സിലാക്കാനും, എത്രയും പെട്ടെന്ന് മനുഷ്യ ജീവിത ലക്ഷ്യം അടയാനുമായി മാസ്റ്റർ പ്രതീക്ഷിക്കുന്ന തരത്തിൽ പരിശീലനം നടത്തുവാനും ഈ ശിൽപശാല സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നതായി സഹോ.രാധാകൃഷ്ണൻ പറഞ്ഞു.



വാല്യം 4 ലക്കം 1 ജനുവരി 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

# പ്രകാശകേന്ദ്രം

## കരിംനഗർ ആശ്രമം








ആന്ധ്രപ്രദേശിലെ കരിംനഗർ ജില്ലാ കേന്ദ്രം എസ്.ആർ.സി.എം.ന്റെ പഴക്കം ചെന്ന സെന്ററുകളിൽ ഒന്നാണ്. തിരക്കേറിയ ഈ നഗരത്തിൽ രണ്ട് ആശ്രമങ്ങളുണ്ട്. പഴയ ആശ്രമം നഗരത്തിലെ മങ്കമ്മതോട്ടയിലാണ്. പുതിയ ആശ്രമം ഹൈദരബാദിലേക്കുള്ള നാഷണൽ ഹൈവെ 7-ൽ, നഗരത്തിൽനിന്നും 15 കി.മി. മാറിയാണ്. 1975-ലാണ് സഹജമാർഗം കരിംനഗറിൽ എത്തിയത്. സഹോ. എൻ.എസ്. രാജുവിന്റെ വീട്ടിലാണ് ആദ്യകാലത്ത് സത്സംഗം നടത്തിയിരുന്നത്. 1979 ജൂലായ് 4-ന് സ്ഥിരമായ ഒരു ധ്യാനഹാൾ നിർമ്മാണത്തിന് ബാബുജി അനുമതി നൽകി.



## മങ്കമ്മതോട്ടയിലെ ആശ്രമം

1980-ൽ, ഏകദേശം 1000 ചതുരശ്രഅടി സ്ഥലം വാങ്ങുകയും, 1987 ജനുവരിയിൽ അവിടെ ഒരാശ്രമം പണിയുന്നതിന് മാസ്റ്റർ അനുമതി നൽകുകയും ചെയ്തു. 1990-ൽ, നിർമ്മാണ പ്രവർത്തങ്ങൾ പൂർത്തിയായി.

1991 ഒക്ടോബർ 9-ന് മാസ്റ്റർ ആശ്രമം ഉദ്ഘാടനം ചെയ്തു. 9 ഗുൺട സ്ഥലത്ത് കോൺക്രീറ്റ് നിർമ്മാണരീതിയിലാണ് ഈ ആശ്രമം പണിതിരിക്കുന്നത്. 50X70 അടി അളവിൽ ഒരു ധ്യാനഹാൾ, അടുക്കള, ശൗചാലയം, 500 ഓളം പുസ്തകങ്ങൾ, വിവിധ സിഡികൾ ഉള്ള ലൈബ്രറി, മാസ്റ്റർക്കായി പൂർണ്ണമായും സജ്ജീകരിച്ച മുറി എന്നിവ ഇവിടെയുണ്ട്.



## പാർത്ഥസാരഥി നഗറിലെ ആശ്രമം

പട്ടണത്തിനു നടുവിലായുള്ള ഈ ആശ്രമം 2004 ഏപ്രിൽ 5-ന് മാസ്റ്റർ ഉദ്ഘാടനം ചെയ്തു. 11.5 ഏക്കർ സ്ഥലം വാങ്ങിയതിൽ 4.5 ഏക്കർ സ്ഥലം ആശ്രമത്തിനായി മാറ്റി വെച്ചിരിക്കുന്നു. 50X60 അടി വിസ്തീർണ്ണമുള്ള, 300 അഭ്യാസികൾക്കിരിക്കാവുന്ന ഒരു ധ്യാന ഹാൾ, അടുക്കള, ഭക്ഷണശാല, ലൈബ്രറി, ശൗചാലയം തുടങ്ങിയവ ഈ ആശ്രമത്തിൽ ഉണ്ട്. പൂർണ്ണ സജ്ജീകരണങ്ങളുള്ള മാസ്റ്ററുടെ താമസ സൗകര്യത്തിനോട് ചേർന്ന് അതിഥികൾക്കായുള്ള മുറികളുമുണ്ട്.



തന്റെ ഉദ്ഘാടന പ്രസംഗത്തിൽ മാസ്റ്റർ, "നമ്മുടെ വീട് സ്വർഗ്ഗമാകണമെന്ന് നാം ആഗ്രഹിക്കുന്നു, അത് സാദ്ധ്യമാകുന്നതിന് നിങ്ങളുടെ ഹൃദയത്തെ ആവശ്യമായ രീതിയിൽ വികസിപ്പിക്കണം, അപ്പോൾ നിങ്ങൾ സ്വർഗ്ഗത്തിലേക്ക് പോകുന്നതിനു പകരം സ്വർഗ്ഗം നിങ്ങളുടെ വീട്ടിലേക്ക് വരും, നിങ്ങളുടെ ഹൃദയത്തെ ആശ്രയിച്ചാണതിരിക്കുന്നത്, ഇതുപോലുള്ള സ്ഥലത്തെത്തിയാൽ മാത്രമെ അത്തരമൊരു ഹൃദയം വികസിതമാകൂ" എന്ന് പറഞ്ഞു.

1987 മാർച്ച്, 1989 ഫെബ്രുവരി, 1991 ഒക്ടോബർ, 1994 ഡിസമ്പർ, 1997 ഒക്ടോബർ, 2002 ഫെബ്രുവരി, 2004 ഏപ്രിൽ തുടങ്ങി പല തവണ മാസ്റ്റർ കരിം നഗർ സന്ദർശിച്ചിട്ടുണ്ട്. തന്റെ ഹൃദയത്തോട് ചേർന്നത് എന്നർത്ഥം വരുന്ന "കരീബ് നഗർ" എന്നദ്ദേഹം ഒരിക്കൽ കരിം നഗറിനെ വിശേഷിപ്പിച്ചിരുന്നു. അഭ്യാസികൾ ആകാംക്ഷാപൂർവ്വം കാത്തിരുന്ന പോലെ, തെലുങ്കിൽ ഇവിടെ പലപ്രാവശ്യം സംസാരിച്ചിരുന്നു.

രണ്ടാം ഞായറാഴ്ച പർത്ഥസാരഥിനഗർ ആശ്രമത്തിലും, അവസാന ഞായറാഴ്ച മങ്കമ്മത്തോട്ട ആശ്രമത്തിലുമായി രണ്ട് മുഴുവൻ ദിന പരിപാടികൾ ഇവിടെ നടത്താറുണ്ട്. ഈ പരിപാടികളിൽ ഏകദേശം 250 ഓളം അഭ്യാസികളും 70 ഓളം കുട്ടികളും പങ്കെടുക്കാറുണ്ട്. "ഇവിടെ വന്ന് ധ്യാനിക്കേണ്ടതിന്റെ ആവശ്യകത നിങ്ങൾ മനസ്സിലാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു, അപ്രകാരം, നിങ്ങളുടെ ഹൃദയം വികസിതമാകുവാനും, ഹൃദയത്തിൽനിന്നും എല്ലാ സ്ഥൂലതകളും ശുചീകരണത്തിലൂടെ നീക്കം ചെയ്യാനും, എന്റെ മാസ്റ്റർക്ക് എന്നന്നേക്കും വസിക്കാനുള്ള ഒരിടമായി ഹൃദയത്തെ മാറ്റാനും സാദ്ധ്യമാകട്ടെ" എന്നദ്ദേഹം പറഞ്ഞത് നടപ്പിലാക്കാനാവശ്യമായ പ്രവർത്തനങ്ങൾ ഈ ആശ്രമങ്ങളിൽ നടത്തുന്നുണ്ട്.

**To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org**
© 2011 Shri Ram Chandra Mission ("SRCM"). All rights reserved. "Shri Ram Chandra Mission", "Sahaj Marg", "SRCM", "Constant Remembrance" and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.